കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മേലൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2015-2016

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ
E-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി7)2196/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ – 680 020

ഫോൺ-0487 2331249
തീയതി: 07.01.2017
ഇ.മെയിൽ-dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മേലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :മേലൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*******************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3എന്നിവയിലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:-</u>

1)ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്. എ-ടി.എസ്.ആർ.(പി-9) 2196/2016 തിയ്യതി:07.01.2017

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് .

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.12.15 മുതൽ 31.03.16 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക് 2015-16 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി. ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.12.16 മുതൽ 21.12.16 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സീനത്ത്.പി.എ. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.പ്രശാന്ത്.ടി.ജി. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.എ.കെ.ശിവദാസൻ. |

| | |
|---|---|
| | (അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.സുഭാഷ്,(ഓഡിറ്റർ) (14.12.16 മാത്രം) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡണ്ട് | ഹൈമാവതി ശിവൻ | 01.04.15 മുതൽ 31.10.15വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി) | 01.11.15 മുതൽ 18.11.15 വരെ |
| പ്രസിഡണ്ട് | ബാബു.പി.പി. | 19.11.15മുതൽ 31.03.16വരെ |
| സെക്രട്ടറി | ഗിരിജ.വി.കെ. | 01.04.15 മുതൽ 19.04.15വരെ |
| സെക്രട്ടറി | ഷഹീദ്.എം.എ. അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 20.04.15 മുതൽ 06.05.15 വരെ |
| സെക്രട്ടറി | ഗിരിജ.വി.കെ. | 07.05.15 മുതൽ 31.05.15 വരെ |
| സെക്രട്ടറി | ഷഹീദ്.എം.എ. അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്ജ്) | 01.06.15 മുതൽ 22.07.15FNവരെ |
| സെക്രട്ടറി | വിധു. എ. മേനോൻ | 22.07.15ANമുതൽ 31.03.16വരെ |
| | നിർവ്വഹണ ഉദ്യോഗസ്ഥർ | |
| | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | സുജിന.കെ.വി. | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷഹീദ്.എം.എ | 01.04.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | രാജി.എം.ആർ. | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ഗായത്രി വിജയരാഘവൻ | 01.04.15 മുതൽ 15.09.15 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ഉണ്ണികൃഷ്ണൻ | 16.09.15 മുതൽ 13.11.15വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ഗായത്രി വിജയ രാഘവൻ | 14.11.15 മുതൽ 03.01.16 വരെ |
| മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.ആഷാ ആന്റണി | 04.01.16 മുതൽ 31.03.16 വരെ |
| വി.ഇ.ഒ മേലൂർ സർക്കിൾ | ശാന്തികൃഷ്ണ.കെ.ആർ. | 01.04.15മുതൽ 05.05.15വരെ |
| വി.ഇ.ഒ മേലൂർ സർക്കിൾ | ജയ.എ.വി. | 06.05.15 മുതൽ 31.03.16 വരെ |
| വി.ഇ.ഒ കുന്നപ്പിള്ളി സർക്കിൾ | ശാന്തികൃഷ്ണ. കെ.ആർ. | 01.04.15 മുതൽ 31.03.16 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | അമ്പിളി.പി.വി. | 01.04.15 മുതൽ 31.12.15 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വിനിത.ഒ.വി. | 01.01.16മുതൽ 19.01.16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലീന.എ.വി. | 20.01.16മുതൽ 31.03.16വരെ |
| വെറ്ററിനറി സർജൻ | ഡോ.സുനിൽകുമാർ.പി.എസ്. | 01.03.15മുതൽ 24.09.15FN വരെ |
| വെറ്ററിനറി സർജൻ | ഡോ.അഭിലാഷ്.പി.എസ്. | 24.09.15ANമുതൽ 31.03.16വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഓമനക്കുട്ടൻ | 01.04.15മുതൽ 12.08.15വരെ |
| ഡയറി | സിന്ധു.ഐ.എസ്. | 13.08.15മുതൽ |

| | | |
|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ | | 31.03.16വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. | 2-1 |
| 13 | വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-2 |
| 14 | പെൻഷൻ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-3 |
| | ഭാഗം-3 | |
| 15 | കമ്പ്യൂട്ടർ എ.എം.സി ക്വട്ടേഷൻ നിരക്കിനേക്കാൾ അധിക തുക നൽകി. 5200 രൂപ നഷ്ടം. | 3-1 |
| 16 | അങ്കണവാടി നിലവാരം മെച്ചപ്പെടുത്തൽ- പ്രവൃത്തി നടത്തുന്നതിന് മുൻപ് മുഴുവൻ തുകയും നൽകി- ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല | 3-2 |

| | | |
|---|---|---|
| 17 | പകൽവീട്ടിലേക്ക് ടെലിവിഷൻ വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-3 |
| 18 | പാലിയേറ്റിവ് കെയർ പദ്ധതി - ഡ്രൈവറുടെ വേതനം സർക്കാർ മാർഗ്ഗരേഖപ്രകാരമല്ലാതെ തനത്ഫണ്ടിൽ നിന്നും നൽകുന്നു – വാഹനചെലവുകൾക്കായി പിൻവലിച്ച പദ്ധതിതുക തനത് ഫണ്ടിൽ അടവാക്കിയതിന് രേഖ ഹാജരാക്കിയില്ല | 3-4 |
| 19 | പാലിയേറ്റിവ് കെയർ നഴ്സ് - മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ് | 3-5 |
| 20 | സ്രവ്വെ നടത്തിപ്പിന് തുക ചെലവുചെയ്തു | 3-6 |
| 21 | ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3-7 |
| 22 | പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം- സർക്കാർ ഉത്തരവുപ്രകാരമുള്ള അപേക്ഷാകാലപരിധി പാലിച്ചിട്ടില്ലാത്ത അപേക്ഷകർക്കും ധനസഹായം നൽകി | 3-8 |
| 23 | ബാക്ക് എൻഡ് സബ്സിഡി ബാങ്കിലേക്ക് നൽകിയതിന് രേഖ ഹാജരാക്കിയിട്ടില്ല | 3-9 |
| 24 | കന്നുകുട്ടി പരിപാലനപദ്ധതി- പദ്ധതിയിൽ നിന്നും പിൻമാറിയ ഗുണഭോക്താക്കളുടെ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-10 |
| 25 | ഫോട്ടോഗ്രാഫി പരിശീലനം ലഭിച്ചവരുടെ യൂണിറ്റ് മേക്കിംഗ് പദ്ധതി- തുടർപ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ് | 3-11 |
| 26 | അഞ്ചു ലക്ഷം രൂപ മുടക്കി നവീകരിച്ച പി.എച്ച്.സി കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു. | 3-12 |
| 27 | കാലിത്തീറ്റ സബ്സിഡി -മുഴുവൻ തീറ്റയും വിതരണം നടത്തിയിട്ടില്ല. | 3-13 |

| | | |
|---|---|---|
| 28 | കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ കാണിച്ചിട്ടില്ല. | 3-14 |
| 29 | പാലത്തുഴി സ്ലൂയീസ് പണി പൂർത്തിയാക്കിയിട്ടും തമ്പകം മരത്തിന്റെ ഷട്ടറുകൾ ഇടുന്ന പ്രവർത്തി ബാക്കി നിൽക്കുന്നു. | 3-15 |
| 30 | വെള്ളനായ്പാടം റോഡ് ഫോർമേഷൻ& സൈഡ് പ്രൊട്ടക്ഷൻ | 3-16 |
| 31 | ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല | 3-17 |
| 32 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു. | 3-18 |
| 33 | ആശ്രയ പദ്ധതി വിലയിരുത്തൽ . | 3-19 |
| 34 | തൊഴിലുറപ്പ് പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം) | 3-20 |
| | ഭാഗം-4 | |
| 35 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 36 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 37 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 38 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 39 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 40 | ഓഡിറ്റ് റിക്കവറി | 4-6 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| അനുബന്ധം-1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ പുതുക്കിയ ബജറ്റ് 27.03.2015തിയതിയിലെ 1-ാം.നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

പ്രതീക്ഷിത വരവ് = 1,67,06,62,500/- രൂപയും,

പ്രതീക്ഷിത ചെലവ് = 17,03,48,500/- രൂപയുമാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-2016 | 29.07.16 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20-12-2016 | നൽകിയിട്ടില്ല. |

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി (ട്രേഡേഴ്സ്) എന്നിവയുടെ ഡി.സി.ബി വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. പെർമിററ് ഫീ വാർഷികകണക്കു പ്രകാരം 110268/- രൂപയും ഡി.സി.ബി പ്രകാരം 143385/- രൂപയുമാണ്.

3. വരവിനങ്ങളുടെ ഡി.സി.ബി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ഡെപ്പോസിറ്റ് രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. ലേലം ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

6. സ്റ്റോക്കിന്റെ മൂല്യം ആധികാരികമല്ല.

7. ഇൻസ്റ്റലേഷൻ ഫീ വാർഷികകണക്കു പ്രകാരം 3000 രൂപയും രജിസ്റ്റർ പ്രകാരം 3600 രൂപയുമാണ്.

8. സാധുക്കളായ വിധവകളുടെ മക്കൾക്ക് വിവാഹധനസഹായം ഇനത്തിൽ 1,80,000/- രൂപയുടെ തൻവർഷ ചെലവിൽ 60,000/- രൂപ മാത്രം വാർഷികകണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
9. നാളിതുവരെയുള്ള ആസ്തി ബാദ്ധ്യതാ വിവരങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
10. സ്റ്റോക്ക് റിപ്പോർട്ട് ഇല്ല.

*(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 28134720

വരവ് - 37802087

ആകെ - 65936807

ചെലവ് - 47497664

നീക്കിയിരിപ്പ്- 18439143

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| പൊതുവിഭാഗം | 2995045 | 8131851 | 11126896 | 11126896 | | 0 |
| വികസനഫണ്ട് എസ്.സി.പി. | 431545 | 2098712 | 2530257 | 2368712 | 161545 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 21000 | 21000 | 42000 | | 42000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 73481 | 5213237 | 5286718 | 5286718 | | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 289071 | 2334665 | 2623736 | 2623736 | | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2401826 | 6371817 | 8773643 | 5575753 | 3197890 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3053994 | 3049848 | 6103842 | 3049848 | 3053994 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 10545892 | 10545892 | 10545046 | | 846 |
| ബി ഫണ്ട് | 0 | 30832605 | 30832605 | 30832605 | - | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 180 | 49951707 | 62 | 34540276 | 66 | 52 | 34 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.5% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7143900 | 4732416 | -2411484 | 33.75 |
| നികുതിയേതര വരവുകൾ | 1147948 | 1111594 | -36354 | 3.16 |
| മറ്റുവരവുകൾ | - | 161631 | +161631 | 100 |
| ആകെ | 8291848 | 6005641 | -2286207 | 27.5 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 101760 | 65 |
| കർഷകതൊഴിലാളി | 3851130 | 453 |

| | | |
|---|---|---|
| പെൻഷൻ | | |
| വിധവാപെൻഷൻ | 11273560 | 1117 |
| വാർദ്ധക്യകാലപെൻഷൻ | 12034320 | 1533 |
| വികലാംഗപെൻഷൻ | 2360585 | 227 |
| അവിവാഹിത പെൻഷൻ | 1151280 | 122 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.12.16ന് 3.00pm സമയത്ത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 23071/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

i)രജിസ്റ്ററുകളുടെ പരിപാലനം

ആസ്തി രജിസ്റ്റർ, ഇൻക്യുമ്പൻസി രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല
ii)വരവിനങ്ങളുടെ രജിസ്റ്റർ ശരിയായ രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.
രജിസ്റ്ററുകളുടെ പരിപാലനത്തിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.11.2016 മുതൽ 28.11.16 വരെ | 11/16 | 17.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.10.11 മുതൽ 14.10.11വരെ | 2008-09മുതൽ 2010-11വരെ | 03.04.2012 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

2015-16 സാമ്പത്തിക വർഷം ഫെഡറൽ ബാങ്ക്, മേല്പൂർ എന്ന സ്ഥാപനത്തിൽനിന്നും രണ്ട് അർദ്ധവർഷത്തേയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ടി സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## **2-2** <u>വാടക കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

വാടക കുടിശ്ശികയിനത്തിൽ 143638/- രൂപയും തൻവർഷം 281778/- രൂപയും പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. വാടക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-3** <u>പെൻഷൻ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.</u>

പെൻഷന് വേണ്ടി ആരംഭിച്ച അക്കൗണ്ടിൽ വർഷാവസാനം 9769/- രൂപ നീക്കിയിരിപ്പുണ്ട്. വർഷാരംഭത്തിൽ ടി അക്കൗണ്ടിൽ 12204/- രൂപ നീക്കിയിരിപ്പുണ്ടായിരുന്നു. 2435/- രൂപ ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയിട്ടുണ്ട് . സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലുള്ള മേൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# <u>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>കമ്പ്യൂട്ടർ എ.എം.സി ക്വട്ടേഷൻ നിരക്കിനേക്കാൾ അധിക തുക നൽകി. 5200 രൂപ നഷ്ടം.</u>

പ്രോജക്റ്റ് നമ്പർ. S0026/16

ഡി.ഡി നമ്പർ. 027835 Dt. 03-02-2016

തുക - 28000/-

പഞ്ചായത്തിലെ കംപ്യൂട്ടർ, പ്രിന്റർ മെയിന്റനൻസിനായി എ.എം.സിയ്ക്കായി ക്വട്ടേഷൻ ക്ഷണിക്കുകയും ഡിവൈൻ കംപ്യൂട്ടർ, എഡോട്ട് എന്നീ സ്ഥാപനങ്ങൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു. ഇതു പ്രകാരം 24-08-2015ൽ ഡിവൈൻ കംപ്യൂട്ടർ ഷോപ്പീ

എ.എം.സിക്കായി ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾക്കായി 1900 രൂപയും പ്രിന്ററുകൾക്കായി 1900 രൂപയും ക്വോട്ട് ചെയ്തു. ഇത് 25-08-2015 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 8(7) പ്രകാരം അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ബിൽ നൽകിയപ്പോൾ എട്ട് ഡെസ്ക് ടോപ്പ് കംപ്യൂട്ടറുകൾക്ക് 2500 രൂപ നിരക്കിലും നാല് പ്രിന്ററിന് 2000 രൂപ നിരക്കിലും തുക നൽകി. ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികം നൽകിയതു വഴി പഞ്ചായത്തിന് 5200 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഈ തുക ഉത്തരവാദിയായവരിൽ നിന്ന് തിരിച്ചു പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 അങ്കണവാടി നിലവാരം മെച്ചപ്പെടുത്തൽ- പ്രവൃത്തി നടത്തുന്നതിന് മുൻപ് മുഴുവൻ തുകയും നൽകി- ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്ട് നമ്പർ, പേര് | അങ്കണവാടി പ്രീസ്കൂൾ നിലവാരം മെച്ചപ്പെടുത്തൽ, S0044/16 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 1,35,000/- |
| ചെലവ് | 1,35,000/- |
| ട്രഷറി ബിൽ നമ്പർ | 2/15-16 dt. 01.08.15 (1,35,000/-) |

അങ്കണവാടികളിൽ ഗ്രാഫിക് ഡിസൈനിംഗ് വർക്കുകൾ നടത്തുന്നതിനും ഫ്ലാനൽ ബോർഡുകൾ സ്ഥാപിക്കുന്നതിനും വേണ്ടി കളേഴ്സ് ഗ്രാഫിക്സ്, ആറ്റിങ്ങൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 96800/- രൂപ നൽകിയിട്ടുണ്ട് (ഗ്രാഫിക് വർക്ക് - 60,350/- , ഫ്ലാനൽ ബോർഡ് - 36,450/-). എന്നാൽ, നാളിതുവരെ ഒരു പ്രവൃത്തിയും നടത്തിയിട്ടില്ല. പ്രവൃത്തി നടത്തുന്നതിന് മുൻപ് തുക മുൻകൂറായി നൽകുന്നതിന് വ്യവസ്ഥയില്ല. തുക നൽകി ഒരു വർഷത്തിലധികമായെങ്കിലും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. സ്ഥാപനത്തിന് തുക നൽകിയ ഡിഡി സംബന്ധിച്ച വിവരങ്ങളോ തുക കൈപ്പറ്റിയതിന് സ്ഥാപനം നൽകിയ രസീതോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി പ്രവൃത്തി കളേഴ്സ് ഗ്രാഫിക്സ്, ആറ്റിങ്ങൽ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയത് ക്വട്ടേഷൻ/ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടല്ല. പദ്ധതി നിർവ്വഹണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളൊന്നും തന്നെ പാലിക്കാത്ത ടി പദ്ധതി തുക നൽകി ഒരു വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല എന്ന വസ്തുത ഗ്രാമപഞ്ചായത്ത് തലത്തിലെ പദ്ധതി മോണിട്ടറിംഗ് സംവിധാനം പരാജയമാണെന്നതിന് ദൃഷ്ടാന്തമാണ്. മേൽകാരണങ്ങളാൽ 96,800/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## 3-3 പകൽവീടിലേക്ക് ടെലിവിഷൻ വാങ്ങൽ-

## നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രൊജക്റ്റ് നമ്പർ, പേര് | 2015-16 പകൽവീട്, S0016/16 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 2,00,000/- |
| ചെലവ് | 32,000/- |
| ട്രഷറി ബിൽ നമ്പർ | 13/15-16 dt.25.02.16 (32,000/-) |

1) പകൽവീടിലേക്ക് 20,000/- രൂപ ചെലവഴിച്ച് 32 ഇഞ്ച് ടി.വി വാങ്ങിയതിന് ക്വട്ടേഷൻ ക്ഷണിച്ചതായി കാണുന്നില്ല.

2) ടെലിവിഷനും, പെഡസ്റ്റൽ ഫാനും നന്തിലത്ത് ആർകേഡ്, ചാലക്കുടി എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയതെങ്കിലും തുക നൽകിയത് (22,500/-, ഡിഡി നമ്പർ- 029428 dt 26.02.16) നിർമ്മല.സി.വി എന്ന വ്യക്തിക്കാണ്.

3) പകൽവീട് പ്രവർത്തിക്കുന്നതായി കാണുന്നില്ല. പ്രവർത്തനമില്ലാത്ത പകൽവീട്ടിലേക്ക് ടെലിവിഷൻ പോലെയുള്ള ഉപകരണങ്ങൾ വാങ്ങിയത് ശരിയായ നടപടിയല്ല.

മേൽകാരണങ്ങളാൽ, 22,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പാലിയേറ്റിവ് കെയർ പദ്ധതി - ഡ്രൈവറുടെ വേതനം സർക്കാർ മാർഗ്ഗരേഖപ്രകാരമല്ലാതെ തനത്ഫണ്ടിൽ നിന്നും നൽകുന്നു - വാഹനചെലവുകൾക്കായി പിൻവലിച്ച പദ്ധതിതുക തനത് ഫണ്ടിൽ അടവാക്കിയതിന് രേഖ ഹാജരാക്കിയില്ല

i)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രൊജക്റ്റ് നമ്പർ, പേര് | പാലിയേറ്റിവ് കെയർ - അഡീഷണൽ ഹോംകെയർ,<br>S0137/16 (സ്പിൽ ഓവർ) |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 36950/- |
| ചെലവ് | 36080/- |
| ട്രഷറി ബിൽ നമ്പർ | 11/15-16 dt. 31.03.16 (36080/-) |
| ഡിഡി നമ്പർ | 892192 dt 31.03.16 |

2014-15 വർഷത്തിൽ പാലിയേറ്റീവ് കെയർ പ്രൊജക്റ്റിനുവേണ്ടി വാഹനമോടിയതിന്റെ വാടക, ഡ്രൈവറുടെ ബത്ത എന്നീ ഇനങ്ങളിൻമേലുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിന് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനമാണ് ഹോംകെയറിനുവേണ്ടി ഉപയോഗിക്കുന്നതെന്നതിനാൽ ആയതിന്റെ ഇന്ധനം, മെയിന്റനൻസ്, ഡ്രൈവറുടെ വേതനം എന്നീ ചെലവുകൾ പാലിയേറ്റീവ് കെയർ പദ്ധതിയിലുൾപ്പെടുത്താവുന്നതാണ്. ഡ്രൈവർ വേതനം കൈപ്പറ്റിയ രസീതും, ട്രിപ്പ് ഷീറ്റും ഫയലിൽ സൂക്ഷിച്ചിട്ടുമുണ്ട്. എന്നാൽ, ടി തുകക്കുള്ള ബിൽ (36080/-) മാറി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ഡി.ഡി.യെടുത്തതായി കാണുന്നു. ഇതിന്മേൽ അന്വേഷണം നടത്തിയപ്പോൾ പദ്ധതി പ്രകാരം വാഹനചെലവുകൾക്കുള്ള തുക മാറി തനത് ഫണ്ടിൽ അടവാക്കി ഡ്രൈവർക്കുള്ള വേതനം തനത് ഫണ്ടിൽ നിന്നും നൽകുന്നുവെന്നാണ് അറിഞ്ഞത്. തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ ഡ്രൈവർക്ക് ഹോംകെയർ ദിവസങ്ങളിൽ മാത്രമല്ല, മറ്റു ദിവസങ്ങളിലും വേതനം നൽകുന്നതായി കാണുന്നു.

ii)

2015-16 വർഷത്തെ പാലിയേറ്റീവ് കെയർ പദ്ധതിയിലും ഇപ്രകാരം തന്നെയാണ് ഡ്രൈവറുടെ വേതനം (71,530/- രൂപ) നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | 2015-16 പാലിയേറ്റീവ് കെയർ<br>S0030/16 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) |
| അടങ്കൽ | 2,50,000/- |
| ചെലവ് | 2,49,563/- |
| ട്രഷറി ബിൽ നമ്പർ | 09/15-16 dt. 31.03.16 (111663/-) |
| ഡിഡി നമ്പർ | 892209 dt 02.04.16 (71530/-) |

മേൽപദ്ധതികൾ സംബന്ധിച്ചുള്ള നിരീക്ഷണങ്ങൾ താഴെകൊടുക്കുന്നു.

1) ജി.ഒ.(ആർ.ടി) നം. 3217/2015/ തസ്വഭവ തി. 29.10.15 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റീവ് പരിചരണമാർഗ്ഗരേഖയിലെ ഖണ്ഡിക 2.6.5 vi(a),(b),(c) എന്നിവ പ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനം സ്റ്റോക്ക് രജിസ്റ്ററിലും ആസ്തി രജിസ്റ്ററിലും ഉൾപ്പെടുത്തിയതിനുശേഷം പാലിയേറ്റീവ് കെയർ ആവശ്യത്തിനും, അതിന് മുടക്കം വരാത്ത രീതിയിൽ, ആംബുലൻസ് സർവ്വീസിനും ഉപയോഗിക്കാവുന്നതാണ്. ആയതിനുവേണ്ടി പാലിയേറ്റീവ് കെയർ പ്രൊജക്റ്റിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ കൺവീനറായിട്ടുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് വാഹനം രേഖാമൂലം കൈമാറേണ്ടതാണ്. അപ്രകാരം കൈമാറിയതിന് രേഖ ഹാജരാക്കിയിട്ടില്ല.

2) വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി. ഫണ്ടിൽ നിന്ന് വഹിക്കേണ്ടതാണ്. എന്നാൽ, പാലിയേറ്റീവ് കെയർ ഗൃഹസന്ദർശനത്തിന് വാഹനം ഓടിയ

ദിവസങ്ങളിൽ ഡ്രൈവറുടെ ദിവസവേതന തുക, ആനുപാതികമായ ഇന്ധനചെലവ്, മെയിന്റനൻസ് ചെലവ് എന്നിവ പാലിയേറ്റിവ് കെയർ പ്രൊജക്റ്റിൽ നിന്ന് എച്ച്.എം.സി അക്കൗണ്ടിലേക്ക് നൽകാവുന്നതാണ്. എന്നാൽ, ഇപ്രകാരം ചെയ്യുകാണുന്നില്ല. പകരം മേൽസൂചിപ്പിച്ച രീതിയിലാണ് ഡ്രൈവറുടെ വേതനം, ഇന്ധനചെലവുകൾ എന്നിവ നൽകി വരുന്നത്.

3) ടി വാഹനം ഹോം കെയർ ഇല്ലാത്ത ദിവസങ്ങളിൽ ആംബുലൻസ് സർവ്വീസ് ആയി ഉപയോഗിക്കുന്നതിന് ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി വാടകനിരക്ക് നിശ്ചയിച്ചതിന് രേഖ ഹാജരാക്കിയിട്ടില്ല. സ്വീകരിക്കുന്ന തുകക്ക് രസീത് നൽകുന്നുണ്ടോയെന്ന വിവരവും വ്യക്തമല്ല. ആംബുലൻസ് വാടക പഞ്ചായത്ത് ഫണ്ടിൽ അടവാക്കുന്നതായാണ് കാണുന്നത്. രസീതിന്റെയോ കളക്ഷൻ രജിസ്റ്ററിന്റെയോ അടിസ്ഥാനത്തിൽ കൃത്യത കണക്കാക്കാനാവാത്ത വാടകത്തുക പഞ്ചായത്ത് സ്വീകരിക്കുന്നതും ശരിയായ നടപടിയല്ല. ലോഗ് ബുക്ക് പ്രകാരം വാഹനം ആംബുലൻസ് ആയി സർവ്വീസ് നടത്തിയ ദിവസത്തിലോ തൊട്ടടുത്ത ദിവസത്തിലോ കളക്ഷൻ അടവാക്കിയതായി കാണുന്നില്ല.

4) മേൽപദ്ധതികൾ പ്രകാരം ബില്ലുകൾ മാറിയതിന്റെ തുക 36080 + 71530 തനത് ഫണ്ടിൽ അടവാക്കുന്നതിന് സെക്രട്ടറിയുടെ പേരിൽ ഡിഡികൾ എടുത്തിട്ടുണ്ട്. ആയത് പഞ്ചായത്ത് അക്കൗണ്ടിൽ അടവാക്കിയതിനാധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല,

മേൽപറഞ്ഞ വിഷയം സംബന്ധിച്ച അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 1,07,610/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പാലിയേറ്റിവ് കെയർ നഴ്സ് - മാർഗ്ഗരേഖ പ്രകാരമുള്ള യോഗ്യതകളുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

സ.ഉ.(സാധാ) നം.3217/2015/തസ്വഭവ തി. 29.10.15 പ്രകാരം പുറപ്പെടുവിച്ച പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 2.8.1 ൽ പറയുന്ന യോഗ്യതകളിലേതെങ്കിലുമൊന്ന് (ANM/GNM/B.Sc Nursing) പാലിയേറ്റിവ് കെയർ നഴ്സിന് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഖണ്ഡിക 2.8.5 പ്രകാരം 21.02.15 ന് മുമ്പ് ഗ്രാമപഞ്ചായത്തുകളിൽ പാലിയേറ്റിവ് കെയർ നഴ്സുമാരായി നിയോഗിക്കപ്പെട്ടവരിൽ മേൽയോഗ്യതകൾ ഇല്ലാത്തവരുണ്ടെങ്കിൽ മേൽപരാമർശിച്ച ഉത്തരവു തിയ്യതി മുതൽ ഒരു വർഷത്തിനകം യോഗ്യത നേടിയിരിക്കേണ്ടതുണ്ട്. ഇക്കാര്യം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/17.12.16) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേലൂർ ഗ്രാമപഞ്ചായത്തിലെ പാലിയേറ്റിവ് കെയർ നഴ്സിന് നിശ്ചിത യോഗ്യതയുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 സ്രവ്വെ നടത്തിപ്പിന് തുക ചെലവുചെയ്തു

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ, പേര് | പകർച്ചവ്യാധി നിയന്ത്രണ പരിപാടി, S0031/16 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ട്രഷറി ബിൽ നമ്പർ | 12/15-16 dt. 31.03.16 (1,00,000/-) |

മേൽപദ്ധതി വിശദാംശങ്ങൾ പ്രകാരം ഈഡിസ് കൊതുകിനെ സംബന്ധിച്ച് സർവ്വെ റിപ്പോർട്ട് തയ്യാറാക്കിയതിന് ആശാവർക്കർമാർക്ക് 42,000/- രൂപ പ്രതിഫലം നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആസൂത്രണമാർഗ്ഗരേഖയുടെ (ജി.ഒ.(എം.എസ്) നം. 362/2013/തസ്വഭവ തി.16.11.2013) അനുബന്ധം 1(മേഖലകൾക്കുള്ള നിർദ്ദേശങ്ങൾ, നിബന്ധനകൾ), ഖണ്ഡിക 7(v) പ്രകാരം രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവത്കരണ പരിപാടികൾ, സർവ്വെകൾ, മറ്റ് വിവരശേഖരണങ്ങൾ എന്നിവ ആരോഗ്യ വകുപ്പിലെ ഫീൽഡ് ജീവനക്കാർ, ആശാ വർക്കർമാർ എന്നിവരിലൂടെയും എൻ.എച്ച്.ആർ.എം പരിപാടികൾ ഉപയോഗപ്പെടുത്തിയും ചെയ്യേണ്ടതാണ്. ആയതിന് പദ്ധതിയിൽ തുക ചെലവഴിക്കുന്നതിന് അനുമതിയുള്ളതായി കാണുന്നില്ല. ആയതിനാൽ ഇക്കാര്യത്തിനായി തുക ചെലവഴിച്ചത് ശരിയായ നടപടിയല്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/ 17.12.16) മറുപടി ലഭ്യമാക്കിയില്ല. അനുമതിയില്ലാത്ത കാര്യത്തിന് തുക ചെലവഴിച്ചതിനാൽ 42,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| പ്രൊജക്റ്റ് നമ്പർ, പേര് | ഹോമിയോ മരുന്ന് വാങ്ങൽ, S0039/16 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം) |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ട്രഷറി ബിൽ നമ്പർ | 06/15-16 dt. 30.10.15 (50,000/-)<br>10/15-16 dt. 31.03.16 (50,000/-) |
| ഡിഡി നമ്പർ | 966178/31.10.15 (50,000/-)<br>892193/31.03.16 (50,000/-) |

മേൽവിശദാംശങ്ങൾ പ്രകാരം ഹോംകോയിൽ നിന്നും മരുന്ന് വാങ്ങുന്നതിന് 1,00,000/- രൂപ ഹോംകോക്ക് നൽകിയിട്ടുണ്ടെങ്കിലും 50,000/- രൂപക്കുള്ള മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. 50,000/- രൂപ നല്കിയതിനുള്ള രസീതും ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-8 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം- സർക്കാർ ഉത്തരവുപ്രകാരമുള്ള അപേക്ഷാകാലപരിധി പാലിച്ചിട്ടില്ലാത്ത അപേക്ഷകർക്കും ധനസഹായം നൽകി

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ, പേര് | 2015-16 പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹധനസഹായം, , S0108/16 |
| ഫണ്ട് | വികസനഫണ്ട് (പൊതുവിഹിതം) -1,00,000/-<br>വികസനഫണ്ട് (എസ്.സി.പി) - 6,50,000/- |
| അടങ്കൽ | 7,50,000/- |
| ചെലവ് | വികസനഫണ്ട് (പൊതുവിഹിതം) -50,000/-<br>വികസനഫണ്ട് (എസ്.സി.പി)- 6,50,000/- |
| ട്രഷറി ബിൽ നമ്പർ | 02/15-16 dt. 31.10.15 (2,50,000/-)<br>03/15-16 dt. 18.03.16 (1,00,000/-)<br>06/15-16 dt. 31.03.16 (2,00,000/-)<br>08/15-16 dt. 31.03.16 (50,000/-)<br>11/15-16 dt. 31.03.16 (1,00,000/-) |

സ.ഉ.(സാധാ) നം. 362/13/ തസ്വഭവ തി. 16.11.13 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ മാർഗ്ഗരേഖ, അനുബന്ധം 16, ഖണ്ഡിക 6.5 പ്രകാരം പട്ടികജാതി പെൺകുട്ടികളുടെ വിവാഹ ധനസഹായത്തിനുള്ള അപേക്ഷകൾ വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ സമർപ്പിച്ചിരിക്കണം. ടി കാലയളവ് സ.ഉ.(സാധാ) നം. 789/2015/ തസ്വഭവ തി. 18.03.15 പ്രകാരം ആറുമാസമായി ദീർഘിപ്പിച്ചിട്ടുണ്ട്. എന്നാൽ, ഈ കാലയളവ് പരിധികൾ പാലിക്കാത്ത താഴെപ്പറയുന്ന അപേക്ഷകർക്ക് 50,000/- രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

1) സിനി.ടി.കെ, D/o കുട്ടൻ ടി.സി & അമ്മിണി, തോപ്പിൽ ഹൗസ്, മേലൂർ- വിവാഹം നടന്ന തിയ്യതി 27.10.2014 (മേലൂർ ഗ്രാമപഞ്ചായത്തിലെ 18.11.2014 ലെ 5249/2014 നമ്പർ സാക്ഷ്യപത്രപ്രകാരം, ഡിഡി നമ്പർ - 966584/16.11.2015, ട്രഷറി ബിൽ നമ്പർ - 02/15-16)

2) നീതു.പി.എം. , D/o മാധവൻ, പാപ്പാളി വീട്, പൂലാനി - വിവാഹം നടന്ന തിയ്യതി 24.08.2014 (മേലൂർ ഗ്രാമപഞ്ചായത്തിലെ 04.10.2014 ലെ 4198/2014 നമ്പർ സാക്ഷ്യപത്രപ്രകാരം, ഡിഡി നമ്പർ- 892257/02.04.16, ബിൽ നമ്പർ- 06/15-16).

മേൽപറഞ്ഞ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയത് സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായതിനാൽ ആയതിന് ചെലവഴിച്ച 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-9 ബാക്ക് എൻഡ് സബ്സിഡി ബാങ്കിലേക്ക് നൽകിയതിന് രേഖ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ, പേര് | എസ്.സി.തൊഴിൽ സംരംഭം- ഓട്ടോറിക്ഷ നൽകൽ<br>S0115/16 |
| അടങ്കൽ | 16,00,000/- |
| ചെലവ് | 50,000/- |
| ട്രഷറി ബിൽ നമ്പർ | 09/15-16 dt. 31.03.16 |

ശ്രീ.സുനിൽ എന്ന ഗുണഭോക്താവിന് ഓട്ടോറിക്ഷാ ധനസഹായം ബാക്ക്എൻഡ് സബ്സിഡിയായി 50,000/-രൂപ 0892261/02.04.16 നമ്പർ ഡി.ഡി. പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മേലൂർ ശാഖക്ക് നൽകിയതായി കാണുന്നു. ആയതിനുള്ള രസീത് ഹാജരാക്കിയിട്ടില്ല. രസീത് ഹാജരാക്കിയിട്ടില്ലാത്തതിനാൽ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 കന്നുകുട്ടി പരിപാലനപദ്ധതി- പദ്ധതിയിൽ നിന്നും പിൻമാറിയ ഗുണഭോക്താക്കളുടെ തുക തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്റ്റ് നമ്പർ, പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം, S0024/16 |
| ഫണ്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) |
| അടങ്കൽ | 25,00,000/- |
| ചെലവ് | 6,25,000/- |
| ട്രഷറി ബിൽ നമ്പർ | 01/15-16 dt.26.09.15 (2,87,500/-)<br>04/15-16 dt. 29.03.16 (3,37,500/-) |
| ഡിഡി നമ്പർ | 965070/08.10.15 (2,87,500/-) |

| | |
|---|---|
| | 030937/30.03.16 (3,37,500/-) |

മേൽ പറഞ്ഞ പദ്ധതിയിൽ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയ 3,37,500/- രൂപക്ക് രസീത് ഹാജരാക്കിയിട്ടില്ല. ആകെയുള്ള 100 ഗുണഭോക്താക്കളിൽ 12 പേർ പദ്ധതി ആനുകൂല്യം കൈപ്പറ്റുന്നതായി കാണുന്നില്ല (ഫീഡ് രജിസ്റ്റർ പ്രകാരം). രസീതിയുടെ അഭാവത്തിൽ 3,37,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതിയിൽ നിന്നും പിൻമാറിയ ഗുണഭോക്താക്കൾ ഇതുവരെ കൈപ്പറ്റിയ ധനസഹായം കഴിച്ച് ബാക്കി തുക കണക്കാക്കി ആയത് എസ്.എൽ.ബി.പിയിൽ നിന്നും തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 ഫോട്ടോഗ്രാഫി പരിശീലനം ലഭിച്ചവരുടെ യൂണിറ്റ് മേക്കിംഗ് പദ്ധതി- തുടർപ്രവർത്തനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

സ്പിൽ ഓവർ പദ്ധതിയായ ഫോട്ടോഗ്രാഫി പരിശീലനം - പട്ടികജാതിയ്ക്ക (S0131/16) വേണ്ടി തൻവർഷം ജില്ലാപഞ്ചായത്ത് വിഹിതം 25,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴിൽ പരിശീലനത്തിന് മാത്രമായി പ്രൊജക്ടുണ്ടാക്കി നടപ്പിലാക്കുന്നതിന് അനുമതിയില്ലാത്തതിനാൽ, സ്വയം തൊഴിൽ സംരഭമെന്ന നിലയിൽ ഫോട്ടോഗ്രാഫി പരിശീലനം ലഭിച്ചവരുടെ യൂണിറ്റ് മേക്കിംഗ് (S0172/16, അടങ്കൽ - 1,50,000/-) എന്ന ഒരു പദ്ധതികൂടി വിഭാവനം ചെയ്തതിന് ഡി.പി.സി. അംഗീകാരവും ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം ഇതിനു വേണ്ടി തുക ചെലവഴിച്ചിട്ടില്ല. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ 'ആരഭി സ്വയം സഹായസംഘം' എന്ന പേരിൽ ടി പദ്ധതിക്കായി ഒരു സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതല്ലാതെ വേറെ പ്രവർത്തനങ്ങളൊന്നും നടന്നതായി കാണുന്നില്ല. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടത്തി പരിശീലനത്തിന് ചെലവഴിച്ച തുകയുടെ ഫലപ്രാപ്തി ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 അഞ്ചു ലക്ഷം രൂപ മുടക്കി നവീകരിച്ച പി.എച്ച്.സി കെട്ടിടം ഉപയോഗിക്കാതെ കിടക്കുന്നു.

പ്രോജക്ട് നമ്പർ. S00/82/16

ഓഡിറ്റ് വർഷം മേലൂർ പി.എച്ച്.സി യോട് ചേർന്ന പഴയ പി.എച്ച്.സി കെട്ടിടം അഞ്ചു ലക്ഷം രൂപ മുടക്കി ട്രസ്സ് വർക്ക്, ഷീറ്റ് ഇടൽ, ടൈൽ വർക്ക്, പെയിന്റിംഗ് എന്നിവ നടത്തി നവീകരിച്ചിട്ടുണ്ട്. എന്നാൽ സ്ഥലപരിശോധനയിൽ കെട്ടിടം ഉപയോഗിക്കാതെ അടച്ചിട്ട നിലയിലായിരുന്നു. കെട്ടിട ഭാഗങ്ങൾ ഉപയോഗിക്കാതെ നാശാവസ്ഥയിലാണ്. കെട്ടിടം പകൽവീടിനായി ഉപയോഗിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. പുറത്തുള്ള ശിലാഫലക പ്രകാരം 01-10-2015ൽ പകൽ വീട് ഉദ്ഘാടനം ചെയ്തതായും കാണുന്നു. നിലവിൽ പകൽ വീടും ഇവിടെ പ്രവർത്തിക്കുന്നില്ല. ലക്ഷക്കണക്കിന് രൂപ മുടക്കി നവീകരിച്ച

കെട്ടിടം ഉപയോഗയോഗ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 കാലിത്തീറ്റ സബ്സിഡി -മുഴുവൻ തീറ്റയും വിതരണം നടത്തിയിട്ടില്ല.

പ്രോജക്റ്റ് നം.99/16

നിർവ്വഹണോദ്യോഗസ്ഥൻ -ഡയറി ഫാം ഇൻസ്ട്രക്റ്റർ

ബിൽ നം.തി. തുക -01/18.03.16.-672000/-

കാലിത്തീറ്റ സബ്സിഡി പദ്ധതി പ്രകാരം കേരള ഫീഡ്സിൽ നിന്നും കാലിത്തീറ്റ വാങ്ങി 3 ക്ഷീര സഹകരണ സംഘങ്ങൾ വഴി പാലളവിന്റെ അടിസ്ഥാനത്തിൽ വിതരണം നടത്തിയിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

| പേര് | അളവ് | തുക |
|---|---|---|
| പാലപ്പിള്ളി ക്ഷീരോൽപാദക സഹകരണ സംഘം | 4100kg | 78720 |
| മേലൂർ ക്ഷീര സഹകരണസംഘം | 7500kg | 144000 |
| പൂലാനി ക്ഷീര സഹകരണസംഘം | 23400kg | 449280 |

ഗുണഭോക്താക്കൾക്ക് വിതരണം നടത്തുന്നതിനായി പാലപ്പിള്ളി ക്ഷീര സഹകരണ സംഘത്തിന് 4100 kg കാലിത്തീറ്റ നൽകിയിട്ടുണ്ടെങ്കിലും ഹാജരാക്കിയ സ്റ്റേറ്റ് മെന്റ് പ്രകാരം 36 ഗുണഭോക്താക്കൾക്കായി ആകെ 3913 kg തീറ്റ മാത്രമാണ് വിതരണം നടത്തിയിട്ടുള്ളത്. 187Kg തീറ്റവിതരണം നടത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-14 കുഴിച്ചെടുത്ത മണ്ണിന്റെ ഡിസ്പോസൽ കാണിച്ചിട്ടില്ല.

1)കമ്മ്യൂണിറ്റി ഹാൾ കോംപൗണ്ട് വാൾ നിർമ്മാണം.
പ്രോജക്റ്റ് നമ്പർ. S0 143/16
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക. 1040000/

എഗ്രിമെന്റ് നമ്പർ. 36/15-16 തിയ്യതി. 18/09/15

എം ബുക്ക് നമ്പർ. 39/15-16

ഫൈനൽ ബിൽ തിയ്യതി.19-03-2016

കോംപൗണ്ട് വാൾ നിർമ്മാണത്തിൽ ഇനം ഒന്നായി മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തിയാണുള്ളത്. അതു പ്രകാരം രണ്ടു പാർട്ട് ബില്ലുകളിലായി ആകെ 120.96 $m^3$ മണ്ണ്

കുഴിച്ചെടുത്തിട്ടുണ്ട്. ഇതിനായി 21770 രൂപ ചെലവിട്ടിട്ടുണ്ട്. എന്നാൽ ഇത്രയധികം മണ്ണ് എങ്ങനെ വിനിയോഗിച്ചു എന്ന് പ്രവൃത്തിയുടെ എം ബുക്കിൽ ഒന്നു മുതൽ നാല്പത്തിമൂന്ന് വരെ പേജുകളിൽ ചേർത്തിട്ടില്ല. ഫയലിൽ ഇതു സംബന്ധിച്ച് മറ്റ് പരാമർശങ്ങളില്ല. അസി എഞ്ചിനീയർ നൽകിയ മറുപടിയിൽ മണ്ണ് സ്ഥലത്തു തന്നെ നിരത്താനുപയോഗിച്ചു എന്ന് പറഞ്ഞിരിക്കുന്നു. സ്ഥല പരിശോധനയും നടത്തുകയുണ്ടായി. ഈ പ്രവൃത്തിയിൽ മണ്ണിന്റെ അളവ് വളരെയധികമാണ് എന്നത് പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഭാവിയിൽ മണ്ണ് കുഴിച്ചെടുക്കുന്ന പ്രവൃത്തികളിൽ നടപപടിക്രമങ്ങൾ സുതാര്യമായിരിക്കാൻ നിർവ്വഹണാധികാരികൾ ശ്രദ്ധ ചെലുത്തേണ്ടതാണ്.

2)പുഷ്പഗിരി പാലാട്ടിക്കുന്ന് റോഡ് -ഡ്രൈനേജ് (വാർഡ് -8)

മണ്ണിന്റെ വിനിയോഗം രേഖപ്പെടുത്തിയിട്ടില്ല.

പ്രോജക്റ്റ് നം. 140/16

ബിൽ നം.തി. 05/15-16 dt.19.08.15. -535824/-

കൺവീനർ -തങ്കപ്പൻ. എ.യു.

എം.ബുക്ക്.നം. 09/15-16.

എഗ്രിമെന്റ് നം. 07/15-16 dt.19.6.15

മേൽ പ്രോജക്റ്റ് പ്രകാരം 168 മീറ്റർ നീളത്തിൽ കോൺക്രീറ്റ് കാന നിർമ്മിക്കുന്നതിനും അതിന് മുകളിൽ സ്ലാബിടുന്നതിനും ലക്ഷ്യമിടുന്നു. മേൽ പ്രവൃത്തിയിൽ ഇനം. 1 പ്രകാരം 113.4$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ആയതിന് 20163 രൂപ ചെലവഴിച്ചിട്ടുണ്ട് (എം.ബുക്ക് പേജ് നം. 41). എന്നാൽ എം.ബുക്കിൽ ആയതിന്റെ വിനിയോഗവിവരം രേഖപ്പെടുത്തിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-15 പാലത്തുഴി സ്ലൂയീസ് പണി പൂർത്തിയാക്കിയിട്ടും തമ്പകം മരത്തിന്റെ ഷട്ടറുകൾ ഇടുന്ന പ്രവൃത്തി ബാക്കി നിൽക്കുന്നു.

പ്രോജക്റ്റ് നമ്പർ – S0150/15
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ തുക – 800000

എം ബുക്ക് നമ്പർ - 38/14-15

എഗ്രിമെന്റ് നമ്പർ - 38/14-15 തിയ്യതി. 09.03.2015

ഫൈനൽ ബിൽ തിയ്യതി - 06.09.2015



പാലത്തുഴി തോടിൽ തടയണ നിർമ്മിക്കലാണ് ഈ പ്രവൃത്തി കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി പൂർത്തീകരിച്ചപ്പോൾ ഇനം 13 മുതൽ 15 വരെ പ്രവർത്തികളായ തമ്പകം മരം ഉപയോഗിച്ചുള്ള ഷട്ടറുകൾ പിടിപ്പിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. സ്ഥലപരിശോധനയിൽ അടുത്തൊരു ഷെഡിൽ തമ്പകം മരപ്പലകകൾ കൂട്ടിയിട്ടിരിക്കുന്നതായി കണ്ടു. പലതും നാശാവസ്ഥയിലാണ് എന്നു കാണുന്നു. പണി പൂർത്തിയാക്കി ഫൈനൽ ബിൽ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

# 3-16 വെള്ളനായ്പ്പാടം റോഡ് ഫോർമേഷൻ& സൈഡ് പ്രൊട്ടക്ഷൻ

പ്രോജക്റ്റ് നം – 69/16

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ

വകയിരുത്തിയ തുക – 125000/-

എഗ്രിമെന്റ് നം - 4/15-16 dt.19.06.15.

എം.ബുക്ക് .നം. – 5/15-16

ബിൽ നം./ തിയ്യതി – 03/17.07.15

കൺവീനർ - ജോസ് പാറേക്കാടൻ

15 -ാം വാർഡിലെ വെള്ളനായിപാടം റോഡിന്റെ പാർശ്വഭിത്തി നിർമ്മിക്കുന്നതിനും എർത്ത് ഫില്ലിങ്ങിനും വേണ്ടിയാണ് പ്രവൃത്തി. ടി പ്രവൃത്തിയുടെ ഇനം -1 പ്രകാരം 7.58 $m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. ഇനം 4 പ്രകാരം 10% കൺസോളിഡേഷൻ കഴിച്ച് 206.91$m^3$ മണ്ണ് ഫിൽ ചെയ്തിട്ടുണ്ടെങ്കിലും ഇനം -1 പ്രകാരമുള്ള മണ്ണ് ഉപയോഗപ്പെടുത്തിയതായി എം.ബുക്കിൽ (എം.ബുക്ക് പേജ് നം. 1-11) രേഖപ്പെടുത്തിയിട്ടില്ല. ടി വർക്കിന്റെ എസ്റ്റിമേറ്റിലും മണ്ണിന്റെ ഉപയോഗം രേഖപ്പെടുത്തിയിട്ടില്ല. മണ്ണ് ഫില്ലിങ്ങിന് ഉപയോഗിക്കാതിരുന്നതിനാൽ 7.58$m^3$ മണ്ണിൽ നിന്ന് 10% കുറച്ച് 6.822$m^3$ മണ്ണ് ഫില്ലിങ്ങിന് ഉപയോഗിക്കാതിരുന്ന തിനാൽ

344.98/$m^3$ പ്രകാരം 2353/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

# 3-17 ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ - സർക്കാർ മാർഗ്ഗനിർദ്ദേശം പാലിച്ചിട്ടില്ല

സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല ഈ വ്യവസ്ഥകൾ കൺവീനറുമായി ഏർപ്പെട്ട കരാറിലും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തൻവർഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

1)ഗുണഭോക്താക്കൾ യോഗം ചേർന്ന് ഒരു പ്രവൃത്തി നിർവ്വഹണ കമ്മിറ്റിയും ആ കമ്മിറ്റിക്ക് ഒരു ചെയർമാനേയും കൺവീനറേയും തെരഞ്ഞെടുത്തിട്ടുണ്ടെങ്കിലും പണി തൃപ്തികരമായി പൂർത്തിയാക്കുന്നതുവരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിട്സിൽ രേഖപ്പെടുത്തുകയും വേണം. എന്നാൽ ഇപ്രകാരം ചെയ്തതിന്റെ രേഖപ്പെടുത്തലുകൾ മിനിട്സിൽ ഇല്ല.

2)പണമിടപാടുകൾ ഗുണഭോക്തൃസമിതി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽ കൂടി മാത്രമേ നടത്താവൂ. എന്നാൽ ഇപ്രകാരം ആരംഭിച്ചതിന്റെ രേഖകളും ലഭ്യമാക്കിയില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കൺവീനറുടെ പേര് | ചെക്ക് നം., തിയ്യതി | തുക |
|---|---|---|---|---|
| 1 | ഇറിഗേഷൻ തോട് സൈഡ് സംരക്ഷണം121/16 | പോൾ കുരിശ്ശേരി കുന്നപ്പിള്ളി | 2978591/ 04.12.15 (തനത് ഫണ്ട്) | 100000/- |
| 2 | പന്തൽപാടം കോളനി റോഡ് മെറ്റലിങ്ങ് ടാറിങ്ങ് | | | 406236/- |
| 3 | കുഞ്ഞമ്പലം റോഡ് ഫോർമേഷൻ& സൈഡ് പ്രൊട്ടക്ഷൻ58/16 | ഷിബു പൈനാടത്ത് | 5627900/ 31.03.16 (തനത് ഫണ്ട്) | 250000/- |

| | | | | |
|---|---|---|---|---|
| 4 | പി.എച്ച്.സി .സബ് സെന്റർ<br>കോമ്പൗണ്ട് വാൾ 92/16 | സിജു മാന്തട്ടിൽ<br>മേലൂർ | 2978585/<br>27.11.15<br>(തനത് ഫണ്ട്) | 135000 |

ഗുണഭോക്തൃ സമിതി മുഖേനയുള്ള പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി നിർവ്വഹിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 3-18 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല -തുക തടസ്സപ്പെടുത്തുന്നു.

തനത് ഫണ്ടിൽ നിന്നും വൗച്ചർ നം. 21500385/19.08.15 പ്രകാരം പോസ്റ്റ് ഷിഫ്റ്റിങ്ങിന് വേണ്ടി മേലൂർ കെ.എസ്.ഇ.ബിക്ക് 16510/-രൂപ നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-19 ആശ്രയ പദ്ധതി വിലയിരുത്തൽ .

| ഇനം | പ്രോജക്ട് | രണ്ടാമത് പ്രോജക്ട് |
|---|---|---|
| ആകെ ഗുണഭോക്താക്കളുടെ എണ്ണം | 86 | 94 |
| വീട്ടു വയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 4 | 5 |
| നാളിതുവരെ ലഭിച്ചവർ | 1 | 0 |
| വീട് ആവശ്യമുള്ളവർ | 3 | 22 |
| നാളിതുവരെ ലഭിച്ചവർ | 20 | 0 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 16 | 16 |
| നാളിതുവരെ ലഭിച്ചവർ | 8 | 0 |
| കക്കൂസ് ആവശ്യമുള്ളവർ | 2 | 3 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |
| കുടിവെള്ളം ആവശ്യമുള്ളവർ | 20 | 4 |
| നാളിതുവരെ ലഭിച്ചവർ | 2 | 0 |
| കറന്റ് ആവശ്യമുള്ളവർ | 55 | 5 |
| നാളിതുവരെ ലഭിച്ചവർ | 0 | 0 |

ആശ്രയ പദ്ധതി കുറേക്കൂടി കാര്യക്ഷമമായി നടപ്പാക്കേണ്ടതുണ്ട് എന്ന് മുകളിൽ ചേർത്ത വിവരങ്ങൾ കാണിക്കുന്നു.

തീർത്തും നിസ്സഹായരായ ആളുകളുടെ അടിസ്ഥാന ആവശ്യങ്ങളാണ് പദ്ധതിയുടെ

മുഖ്യലക്ഷ്യം എന്നിരിക്കെ ഇക്കാര്യത്തിൽ ഭരണസമിതിയുടെ ജാഗ്രത ക്ഷണിച്ചുകൊള്ളുന്നു.

## 3-20 തൊഴിലുറപ്പ് പദ്ധതി പ്രത്യേക അവലോകനം (2015-16 വർഷം)

| ക്രമ നമ്പർ | വിഷയം | എണ്ണം |
|---|---|---|
| 1 | ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങൾ | 2368 |
| 2 | തൻവർഷം വകയിരുത്തിയ തൊഴിൽ ദിനങ്ങൾ | 54115 |
| 3 | തൻവർഷം നൽകാനായ തൊഴിൽദിനങ്ങൾ | 54724 |
| 4 | തൻവർഷം വകയിരുത്തിയ പദ്ധതികൾ | 351 |
| 5 | തൻവർഷം നടപ്പിലാക്കിയ പദ്ധതികൾ | 193 |
| 6 | തൻ വർഷം വകയിരുത്തിയ അടങ്കൽ തുക | 52630000 |
| 7 | തൻവർഷം ചെലവിട്ട തുക | 10545046 |
| 8 | ചെലവ് ശതമാനം | 20.03 |
| 9 | തൻവർഷം നൂറു തൊഴിൽദിനങ്ങൾ നൽകാനായ കുടുംബങ്ങളുടെ എണ്ണം. | 313 |

ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം 2368 ആയിരിക്കെ കേവലം 313 പേർക്കു മാത്രമേ നൂറു തൊഴിൽദിനങ്ങൾ ഉറപ്പാക്കാനായിട്ടുള്ളൂ. തൻ വർഷം വകയിരുത്തിയ തൊഴിൽദിനങ്ങളും നൽകാനായ തൊഴിൽദിനങ്ങളും തമ്മിലുള്ള അനുപാതം കേവലം 20.03% മാത്രമാണ്. തൊഴിലുറപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

| വിഹിതം നൽകിയ സ്ഥാപനം | വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 105000/- | വികലാംഗ വിദ്യാർത്ഥിക്ഷേമം | 105000/- | 0 |
| ബ്ലോക്ക് | 2015-16 | 50000/- | ശാരീരിക/മാനസിക | 50000/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെവിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ഡിഡി നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് ഇൻസ്റ്റലേഷൻ | 0892240/ 02.04.16 | 67000 | - | 67000 |
| കേരള വാട്ടർ അതോരിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 0892245&028384/ 02.04.16 | 81969 | 81969 | - |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഭവന നിർമ്മാണം | എസ്.സി.ബി മേലൂർ 2184/10/ 02.07.10 | 9720000 | 5505000 | 1800000 | | 3705000 |

•

# 4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2188972 |
| തൻവർഷം നിക്ഷേപിച്ച തുക | 165385 |
| ആകെ | 2354357 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2354357 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 37802087 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47497664 |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 104353 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 726120 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5200 | വിധു .എ. മേനോൻ, സെക്രട്ടറി |
| 3-2 | | 96800 | അമ്പിളി.പി.വി. ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-16 | | 2353 | സുജിന.കെ.വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| | | 104353 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 22500 | അമ്പിളി.പി.വി., ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-4 | 107610 | ഡോ.ആഷാആന്റണി, മെഡിക്കൽ ഓഫസർ,പി.എച്ച്.സി |
| 3-6 | 42000 | ഡോ.ആഷാആന്റണി, മെഡിക്കൽ ഓഫസർ,പി.എച്ച്.സി |
| 3-7 | 50000 | ഡോ.ആഷാ ആന്റണി, മെഡിക്കൽ ഓഫസർ,പി.എച്ച്.സി |
| 3-8 | 100000 | ഷഹീദ്.എം.എ. അസിസ്റ്റൻറ് സെക്രട്ടറി |
| 3-9 | 50000 | ഷഹീദ്.എം.എ., അസിസ്റ്റൻറ് സെക്രട്ടറി |
| 3-10 | 337500 | സുനിൽ കുമാർ. പി.എസ്., വെറ്ററിനറി സർജൻ |
| 3-18 | 16510 | വിധു.എ.മേനോൻ, സെക്രട്ടറി |
| ആകെ | 726120 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിധു.എ.മേനോൻ,സെക്രട്ടറി | മേലൂർ ഗ്ര.പ. | പാക്കാട്ടിൽ മഠം ചെറുവാളൂർ |

| | | |
|---|---|---|
| അമ്പിളി.പി,വി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | അഡീഷണൽ പ്രോജക്റ്റ്, കിളിമാനൂർ കൊല്ലം | വസന്തം,ചാവർകോട്, പാരിപ്പിള്ളി, കൊല്ലം |
| സുജിന. കെ.വി., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മേലൂർ ഗ്രാമപഞ്ചായത്ത് | കുവക്കാട്ടിൽ വീട്, പാനപുതറ റോഡ്, അന്നനാട് |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 96-97 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 5 |
| 97-98 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 7 |
| 98-99 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 4 |
| 99-00 ചെലവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 14 |
| 2000-01, 01-02 പ്ലാൻ | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 6 |
| 96-97 വരവ് | എൽ.എഫ്.ടി.(പി7)-2157(1)/13/ 15.3.14/19.06.14 | 1 |
| 97-98 വരവ് | എൽ.എഫ്.ടി14-62/08/ 27.04.09 | |
| 98-99 വരവ് | എൽ.എഫ്.ടി14-63/08/ 27.04.09 | |
| 99-00 വരവ് | എൽ.എഫ്.ടി14-64/08/ 27.04.09 | |
| 00-01 | എൽ.എഫ്.ടി14-65/08/ 27.04.09 | |

| | | |
|---|---|---|
| 01-02 | എൽ.എഫ്.ടി14-66/08/ 27.04.09 | 6 |
| 02-03 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 | 7 |
| 03-04 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 | 9 |
| 04-05 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 | 12 |
| 05-06 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 | 10 |
| 06-07 | എൽ.എഫ്.ടി.പി7-2157(1)/13/ 15.03.14/19.06.14 | 11 |
| 07-08 | എൽ.എഫ്.ടി.പി3-2094/11/ 21.12.11 | |
| 08-09 | എൽ.എഫ്.ടി.പി3-2095/11/ 21.12.11/12.03.12 | |
| 09-10,10-11 | എൽ.എഫ്.ടി.പി3-2157/12/ 6.03.13/ 6.06.13 | |
| 11-12 | എൽ.എഫ്.ടി.പി3-1435/13/ 15.01.14/11.03.14 | |
| 12-13 | എൽ.എഫ്.ടി.പി7-1420/14/ 21.01.15/28.03.15 | |
| 13-14 | നം കെ.എസ്.എ.ടി.എസ്.ആർ. (പി7)21/16/ 18.1.16/4.3.16 | |
| 14-15 | നം കെ.എസ്.എ.ടി.എസ്.ആർ. (പി7)/1048/16/01.07.16 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

# ഓഡിററ് സർട്ടിഫിക്കറ്റ്

No. KSA-TSR/P7/2196 /2016

Kerala State Audit Department

District Audit Office, Thrissur

PIN- 680 020 Phone: 0487 2331249

E-mail:dotsr.ksad@kerala.gov.in

Dated 07.01.2017

## AUDIT CERTIFICATE

Certified that I have audited the Annaual Fianacial Statement of Melur Gramapanchayat in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Insittutions.

In my opinion, the Financial Statements of Melur Grama Panchcyat for the year 2015-16 except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,

Thrissur.

കെ.എസ്.എ-ടി.എസ്.ആർ പി7/2196 /2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ - 680 020

ഫോൺ- 0487 2331249

e-mail: dotsr.ksad@kerala.gov.in

തീയതി 07.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മേലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.